# പതിമൂന്നാം കേരള നിയമസഭ
# ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 2302

18.12.2012-ൽ മറുപടിക്ക്

## ഉണർവ്വ് -2012-ന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ

**ചോദ്യം**

ശ്രീ. റ്റി. എൻ. പ്രതാപൻ :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. പി. എ. മാധവൻ :
ശ്രീ. വി. പി. സജീന്ദ്രൻ :

**മറുപടി**

ശ്രീ. സി.എൻ. ബാലകൃഷ്ണൻ
(സഹകരണവും ഖാദി ഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി)

(എ) ഉണർവ്വ് -2012-ന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം ; വിശദമാക്കുമോ ;

(എ) സഹകരണ സ്ഥാപനങ്ങളുടെ ആഡിറ്റിൽ തടഞ്ഞിട്ടുള്ളതും ദീർഘകാലമായി ഈടാക്കാതെയും, കൊടുത്ത് തീർക്കാതെയും നിൽക്കുന്ന തുകകൾ നിയമാനുസൃത നടപടികൾ സ്വീകരിച്ച് ആഡിറ്റ് സർട്ടിഫിക്കറ്റിൽ നിന്നും നീക്കം ചെയ്ത് സഹകരണ സ്ഥാപനങ്ങളുടെ ബാക്കി പത്രം സംശുദ്ധമാക്കി സഹകരണ സ്ഥാപനങ്ങളുടെ യഥാർത്ഥ സാമ്പത്തിക സ്ഥിതി വെളിപ്പെടുത്തുന്ന ആഡിറ്റ് സർട്ടിഫിക്കറ്റ് തയ്യാറാക്കുക എന്നതാണ് 'ഉണർവ്വ്-2012' തീവ്രയത്ന പരിപാടിയുടെ ഉദ്ദേശ്യ ലക്ഷ്യം.

(ബി) സംഘാംഗങ്ങളുടെ സാമ്പത്തികാടിത്തറ മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(ബി) സഹകരണ നിയമം/ചട്ടം, സംഘം ബൈലാ, രജിസ്ട്രാറുടെ നിർദ്ദേശങ്ങൾ എന്നിവ പാലിച്ചു കൊണ്ടാണ് സഹകരണ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത്. ഇതിനു വിരുദ്ധമായും വിവിധങ്ങളായ കാരണങ്ങളാലും ഉണ്ടായ ഇടപാടുകൾ ആഡിറ്റിൽ അംഗീകരിക്കാത്ത സാഹചര്യത്തിൽ ആയതിനു സമാനമായി കരുതലുകൾ വെക്കുകയും ആയത് സഹകരണ സ്ഥാപനങ്ങളുടെ നഷ്ടത്തിനിടയാക്കുകയും ചെയ്യുന്നു. കൂടാതെ ഇപ്രകാരം ആഡിറ്റിൽ തടഞ്ഞിട്ടുള്ളതും ദീർഘകാലമായി ഈടാക്കാതെ ബാക്കി നിൽക്കുകയും ചെയ്യുന്ന അവസ്ഥ സഹകരണ സ്ഥാപനങ്ങളുടെ യഥാർത്ഥ സാമ്പത്തിക സ്ഥിതി വെളിപ്പെടുത്തുന്നതിന് തടസ്സമായി നിൽക്കുന്നു. നിയമാനുസൃതനടപടി ക്രമങ്ങൾ പാലിച്ച് ഈടാക്കാൻ കഴിയുന്ന തുകകൾ ഈടാക്കുകയും, കൊടുക്കാനുള്ളവ

കൊടുക്കകയും, വകുപ്പ്തല അംഗീകാരം, ഭരണാനുമതി ഇവ വേണ്ട സംഗതിയിൽ ആയത് അനുവദിച്ചും, ഈടാക്കാൻ കഴിയാത്തവ പൊതുയോഗ അംഗീകാരത്തിനും രജിസ്ട്രാറുടെ അനുമതിയ്ക്കും വിധേയമായി ആഡിറ്റ് സർട്ടിഫിക്കറ്റിൽ നിന്നും നീക്കം ചെയ്യുന്നതിലൂടെയും സംഘങ്ങളുടെ ഇവയ്ക്കായുള്ള കരുതലുകൾ ഒഴിവാക്കി സംശുദ്ധമായ ബാക്കി പത്രം തയ്യാറാക്കുന്നതിനും സഹകരണ സ്ഥാപനങ്ങളുടെ യഥാർത്ഥ സാമ്പത്തിക സ്ഥിതി വെളിപ്പെടുത്തുന്നതിനും, സംഘങ്ങളെ സാമ്പത്തിക അടിത്തറയുള്ള സഹകരണ സ്ഥാപനങ്ങളാക്കി മാറ്റുന്നതിനുള്ള നടപടികളാണ് 'ഉണർവ്വ് 2012'-ൽ നിഷ്കർഷിച്ചിട്ടുള്ളത്. സംഘാംഗങ്ങൾക്ക് നേരിട്ട് ഇതിന്റെ ഗുണം ലഭിക്കുകയില്ലെങ്കിലും സംഘങ്ങളെ സാമ്പത്തിക അടിത്തറയുള്ള സഹകരണ സ്ഥാപനങ്ങളാക്കി മാറ്റുന്നതിലൂടെ അംഗങ്ങൾക്ക് സംഘം നൽകുന്ന സേവനങ്ങൾ കൃത്യമായി കൂടുതൽ ഗുണമേന്മയോടെ ലഭ്യമാകുന്നതാണ്.

(സി) പ്രസ്തുത പദ്ധതി സമയബന്ധിതമായി നടപ്പാക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട് ; വിശദമാക്കുമോ ?

(സി) 2012 മാർച്ച് 15 മുതൽ സെപ്റ്റംബർ 15 വരെയാണ് ഉണർവ്വ് 2012 തീവ്രയത്ന പരിപാടി സംഘടിപ്പിക്കുന്നതിന് നിശ്ചയിച്ചിരുന്നത്. പദ്ധതി സംബന്ധിച്ച് വിശദമായ മാർഗ്ഗ നിർദ്ദേശം സഹകരണ സംഘം രജിസ്ട്രാർ പുറപ്പെടുവിക്കുകയുണ്ടായി. സംഘം ഭാരവാഹികളുടെയും വകുപ്പ് ഉദ്യോഗസ്ഥരുടെയും യോഗം വിളിച്ചുകൂട്ടി ഓരോ സംഘത്തിന്റെയും ആഡിറ്റ് സർട്ടിഫിക്കറ്റ് പരിശോധിച്ച് ആഡിറ്റ് ഒബ്ജക്ഷനുകൾ സംബന്ധിച്ച് ധാരണയുണ്ടാക്കുന്നതിനും, ഈടാക്കാൻ നടപടി സ്വീകരിക്കാൻ കഴിയുന്നവ, ഈടാക്കാൻ നിവൃത്തിയില്ലാതെ നിയമാനുസൃത നടപടി സ്വീകരിച്ച് നീക്കം ചെയ്യാൻ കഴിയുന്നവ, യഥായോഗ്യം കൊടുത്തു തീർക്കാവുന്നവ എന്നിങ്ങനെ തരംതിരിച്ച് വ്യക്തമായ പട്ടിക തയ്യാറാക്കുന്നതിനും, പ്രസ്തുത പട്ടിക പരിശോധിച്ച് ആവശ്യമായ സംഗതിയിൽ സംഘം പൊതുയോഗം കൂടി തീരുമാനങ്ങൾ കൈക്കൊള്ളുന്നതിനും, ആഡിറ്റ് ഒബ്ജക്ഷൻ നീക്കം ചെയ്യുന്നതിനുള്ള പ്രൊപ്പോസലുകൾ ലഭ്യമാക്കി ആവശ്യമായ വകുപ്പുതല അനുമതിയോടെ ടി തുകകൾ ആഡിറ്റ് സർട്ടിഫിക്കറ്റിൽ നിന്നും നീക്കം ചെയ്യുന്നതിന് സമയബന്ധിതമായി നടപടി സ്വീകരിച്ചിട്ടുണ്ട്.

ജില്ലാതലത്തിലും, സംസ്ഥാനതലത്തിലും നോഡൽ ആഫീസർമാരെ നിയോഗിക്കുകയും, താലൂക്ക്/ജില്ല/സംസ്ഥാനതലത്തിൽ വിവിധ കമ്മിറ്റികൾ രൂപീകരിച്ച് ചിട്ടയോടെ പ്രവർത്തിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. സംഘങ്ങൾ/ബാങ്കുകളുടെ പൊതുയോഗം കൂടി നടപടി പൂർത്തിയാക്കുന്നതിന് കാലതാമസം നേരിടുന്നതിനാൽ സാവകാശം ആവശ്യമാണെന്ന് സംഘങ്ങൾ/ബാങ്കുകൾ ആവശ്യപ്പെട്ട സാഹചര്യത്തിൽ ഉണർവ്വ് 2012 തീവ്രയത്ന പരിപാടിയുടെ കാലപരിധി 2012 ഡിസംബർ 31 വരെ ദീർഘിപ്പിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**